## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ: 5554** **01.07.2019-ൽ മറുപടിയ്ക്ക്**

**കോവളം-പൂവാർ ടൂറിസം കോറിഡോർ**

ചോദ്യം

ശ്രീ.എം. വിൻസെന്റ് :

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോവളം-പൂവാർ ടൂറിസം കോറിഡോർ എന്ന പേരിൽ ടൂറിസം മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | "Preparation of 30 year Advance Vision and Development Plan for Kovalam -Poovar Tourism Corridor" എന്ന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 04.08.2012 ലെ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 27.3.2013 ലെ ഉത്തരവ് പ്രകാരം 61,51,710/- രൂപയുടെ പുതുക്കിയ ഭരണാനുമതി നല്കുകയുണ്ടായി. M/s. Fortress Infrastructure Advisory Services എന്ന ഏജൻസിയ്ക്കാണ് ഇതിന്റെ നിർവ്വഹണ ചുമതല കരട് ഫൈനൽ മാസ്റ്റർ പ്ലാൻ അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലാണ്. |
| ബി) | സൈലന്റ് വാലി ടൂറിസം പാർക്ക്, കോവളം-കരിച്ചൽ റിവർ ഓവർ ബ്രിഡ്ജ് എന്നിവ പ്രസ്തുത മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ടവയാണോ; | ബി) സി), ഡി) & ഇ) | കരട് മാസ്റ്റർ പ്ലാൻ ബന്ധപ്പെട്ട കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി അംഗീകാരം നൽകിയാൽ മാത്രമേ മാസ്റ്റർ പ്ലാനിലെ ഘടകങ്ങൾ സംബന്ധിച്ച വിശദമായ വിവരങ്ങൾ ലഭ്യമാക്കാൻ കഴിയുകയുള്ളൂ. |
| സി) | പ്രസ്തുത പാർക്കിന്റെയും ബ്രിഡ്ജിന്റെയും അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം ആരംഭിച്ചതെന്നാണെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ ആരാണെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | | |
| ഡി) | ഇവയുടെ നിർമ്മാണം നിർത്തിവയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; | | |
| ഇ) | ഇവയുടെ നിർമ്മാണത്തിന് ഇതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ